# അമേരിക്കൻ കഥകൾ

## മിനികഥകൾ ഇരുപത്തിആറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, കഴിഞ്ഞ കഥയുടെ തുടച്ച് ആയിട്ടാണ് ഇപ്പോൾ പറയുന്നത്: മണിയുടെ രണ്ടാം ഭർത്താവിന്റെ കാലത്ത്, അവൾ പറഞ്ഞത്: ഇതിലും ഭേദം എന്റെ ആദ്യത്തെ ഭർത്താവു തന്നെ എന്നായിരുന്നു. എന്തായാലും വളരെ ചുരുങ്ങിയ വർഷങ്ങൾക്കു ശേഷം അവർ തമ്മിലും പിരിഞ്ഞു. അപ്പോൾ KCV പറയുന്നത്: പണ്ട് ഒരു കാക്കാത്തി അവളുടെ ചെറുപ്പ കാലത്ത് പറഞ്ഞിരുന്നതാണ് "അവൾക്ക് ഭർത്താവ് വാഴത്തില്ലന്ന്; കൂടാതെ അവൾ കടലും മലയും കടന്ന് വളരെ ദൂരെ ചെല്ലുമെന്നും. പിന്നേയും കേവലം രണ്ടു വർഷത്തോളം അവൾ തനിയെ താമസിച്ചപ്പോൾ മടുത്തു. ഒരാൺ തുണയില്ലാതെയുള്ള ജീവിതം വളരെ പ്രയാസപ്പെട്ടതാണെന്ന് അവൾക്ക് ബോദ്ധ്യമായി. കാലത്ത്, അതിരാവിലെ എഴുന്നേറ്റ് മക്കളെ രണ്ടുപേരേയും തയാറാക്കി, ഒരുക്കി നിത്തിയശേഷം, അവൾ തയാറായി ജോലിക്കു പോകണം. മക്കളെ KCV യുടെ എപ്പാർട്ടുമെന്റിലാക്കിയാൽ മതി; അവിടെയുള്ള ആരെങ്കിലും അവരെ സ്ക്കൂളിൽ പറഞ്ഞു വിടും, അതുപോലെ മടങ്ങി വരുമ്പോഴും അവിടാക്കിയാൽ മതി, അവരാരെങ്കിലും നോക്കി കൊള്ളും. അവർക്കുള്ളതും രണ്ടും പെൺമക്കളായതു കൊണ്ട്, ഈ രണ്ട് ആൺമക്കളേയും അവർ പൊന്നു പോലെ നോക്കും. പോരാത്തതിന് നാൻസി ഇപ്പോൾ പ്രസിവിച്ച മകനെ ഈ രണ്ടു ആൺമക്കളും ഒരു കളിപാവയെ പരിലാളിക്കുന്നതു പോലെ നോക്കും. നാൻസിക്കും അതൊരു സഹായമാണ്.

മണിയുടെ മക്കൾക്ക്, ആങ്ങളയുടെ ഭവനത്തിലെ ഭക്ഷണം കിട്ടുന്നത് വലിയ സഹായമായിരുന്നു. എന്നാലും ജോലി കഴിഞ്ഞു വരുന്ന വഴി സാധനങ്ങൾ പലതും വാങ്ങി, വന്നതിനു ശേഷം, അതെല്ലാം പാകപ്പെടുത്തിയിട്ടേ, മക്കളേ ആങ്ങളയുടെ അടുക്കൽ നിന്നും കൊണ്ടു വരികയുള്ളു. ദീർഘകാലമായപ്പോൾ അവളും, ആങ്ങളയുടെ കുടുംബവും ഒരു പോലെ മടുത്തു. എന്തു വന്നാലും ഇനിയും ഒരുത്തനെ കണ്ടു പിടിച്ച് അയാളുടെ കൂടെ ജിവിക്കാൻ തന്നെ തീരുമാനിച്ചു. ആണുങ്ങൾ ആരായാലും അവർക്കു എന്നും അവരുടെ പെണ്ണിന്റെ മണ്ടേൽ കേറുക എന്നത് ഒരു സൂക്കേടാണ് എന്നവൾ ഇത്രയും നാളത്തെ ജീവിതത്തിനിടയിൽ പഠിച്ചു കഴിഞ്ഞു.

അവളുടെ ദൈവാധീനം കൊണ്ട്, അവർ ഒരുത്തനെ കണ്ടുപിടിച്ചു. അയാളും ഭാര്യയുമായി വേർ പിരിഞ്ഞ് ജീവിക്കുകയാണ്. അമേരിക്കയിൽ ഇതൊന്നും അത്ര വലിയ കാര്യമല്ല; ദിവസന്തോറും വിവാഹവും, വേർപിരിയലും പിന്നേയും വിവാഹം കഴിക്കലും സർവ്വ സാധാരണമാണ്. PPP യുടെ ശാപമാണോ മണി മൂന്നാം ഭർത്താവിന്റെ കൂടെ ജീവിക്കേണ്ടി വന്നതെന്ന് ഒരൊതേക്കു തൊന്നിപ്പോയി. അവൾക്ക് ഇങ്ങിനെയുള്ള കാര്യങ്ങളിൽ വലിയ വിശ്വാസമുള്ള ആളാണ്. ദൈവ ഭക്തിയുള്ള ആണുങ്ങളുടെ ശാപം കിട്ടിയാൽ കിട്ടിയതാണെന്ന് അവൾ വിശ്വസിക്കുന്നു.

മണിയുടെ മൂന്നാം ഭർത്താവ് കോരപ്പൻ ആൾ വലിയ മിടുക്കനാണ്. അന്നച്ചിയുടെ ഒരു അകന്ന വഴിയിലെ ബന്ധം കൂടെ ഉണ്ട്. അപ്പോൾ അന്നച്ചി പ്രത്യേകം ചില ചിട്ടകൾ എല്ലാം പറഞ്ഞു മനസ്സിലാക്കിയതിനു ശേഷമാണ് അവർ ഒന്നിച്ച് ജീവിക്കാൻ തുടങ്ങിയത്. ആദ്യത്തെ മൂന്നു രാത്രികൾ യാതൊരു രതി പ്രക്രിയകൾക്കും അയാൾ ഒരുമ്പെട്ടില്ല. അപ്പോൾ അയാൾ വളരെ നല്ലവനാണെന്നും, മര്യാദക്കാരനാണെന്നും അവൾ തെറ്റിദ്ധരിച്ചു. എന്നാൽ നാലാമത്തെ രാത്രി, മക്കൾ രണ്ടും ഉറക്കമായപ്പോൾ, ആജാനബാഹുവായ അയാൾ മണിയെപൊക്കിയെടുത്ത്, അടിവയറിനു താഴെ ആയി ഉമ്മ കൊടുത്തു. അത് താഴേക്ക് താഴേക്ക് പോയി മർമ്മസ്ഥാനത്തെത്തിയപ്പോ ഒരു പ്രയോഗം ചെയ്തു. അവൾ അടിയറവു പറഞ്ഞ്, അവളറിയാതെ അവളുടെ തുടകൾ അകന്നു പോയി. ഇത്രയും, വർഷത്തിനിടയിൽ, ഈ രണ്ടു പുരുഷന്മാരുടെ കൂടെ ജീവിച്ചിട്ടും അനുഭവിച്ചിട്ടില്ലാത്ത രതി സുഖം അവൾ ആദ്യമായി അനുഭവിച്ചു. യാതൊരു പ്രയാസവും കൂടതെ അവൾ അയാളുടെ കൂടെ പൂർണ്ണമായി സഹകരിച്ചു. ആ രാത്രി, അവർക്കു രണ്ടു പേർക്കും ശിവരാത്രി ആയിരുന്നു. പലപ്രാവശ്യം അയാൾ പല വിധത്തിൽ കൂടെ അവളെ രമിപ്പിച്ചുകൊണ്ടുള്ള ഭോഗപ്രക്രിയകളിൽ അവൾ പൂർണ്ണമായി സന്തോഷിച്ച്, പിന്നേയും, പിന്നേ ആകട്ടേയെന്നവൾ അയാളെ പ്രോത്സാഹിപ്പിച്ചു. നേരം വെളുക്കുന്നതുവെരെ അവർ ആ പരിപാടി തുടന്നു. അടുത്ത ദിവസം അവൾ ജോലിയിൽ സിക്കു വിളിച്ചു.

അമേരിക്കയിൽ ജോലി ചെയ്യുന്നവർക്ക് അത്യവശ്യമായി ഒരു ദിവസം അസുഖം വന്നാൽ, അവർ ജോലി ചെയ്യുന്നിടത്ത്, എനിക്ക് ഇന്ന് സുഖമില്ല; ജോലിക്കു വരാൻ പറ്റത്തില്ല എന്നു വിളിച്ചു പറയുന്നതിനാണ് സിക്കു വിളിക്കുക എന്നു പറയുന്നത്. ചില സ്ഥലങ്ങളിൽ അടുപ്പിച്ച് രണ്ടു ദിവസം വെരെ യാതൊരു മെഡിക്കൽ സർട്ടിഫിക്കേറ്റും കൂടാതെ സിക്കു വിളിക്കാം; ചില ഇടങ്ങളിൽ ഒരു ദിവസമേ പറ്റത്തുള്ളു. കൂടുതൽ ദിവസങ്ങൾ വേണമെങ്കിൽ മെഡിക്കൽ സർട്ടിഫിക്കേറ്റ് കൊണ്ട് കൊടുക്കണം. മണി അമേരിക്കയിൽ വന്ന് ഇത്രയും കാലത്തിനിടയിൽ ഒരിക്കൽ പോലും സിക്കു വിളിച്ചിട്ടില്ല. അതുകൊണ്ടും, പ്രത്യേകിച്ച് അവൾക്ക് ജോലിയിലുള്ള ആത്മാർത്ഥത കൊണ്ടും, അവൾ സത്യമായും അസുഖമാണെന്ന് ജോലിസ്ഥലത്ത് എല്ലാവരും കരുതി. യഥാർത്ഥത്തിൽ അവൾ വളരെ ക്ഷീണിത ആയിരുന്നു. അവൾ അവധി എടുത്തതുകൊണ്ടും, മക്കൾ രണ്ടും പള്ളിക്കൂടത്തിൽ പോയിരുന്നതു കൊണ്ടും, അവർ പിന്നേയും, പിന്നേയും പല വിധത്തിലുള്ള ഭോഗപ്രക്രിയകളിൽ ഏർപ്പെട്ടു. കൊള്ളാം ആൾ ബഹു മിടുക്കനാണ്. അവൾ സമ്മതിച്ചു. അവൾ അവനു വേണ്ടി ഏറ്റവും രുചികരമായ ഭക്ഷണങ്ങൾ ഉണ്ടാക്കി കൊടുത്തു. അവസാനം അയാൾ അവളെ ജനിച്ച പടി പൊക്കിയെടുത്ത് വെള്ളം നിറച്ച ബാത്ത്റൂം ടബ്ബിനകത്തു കൊണ്ടു കിടത്തി വെരെ ഭോഗിച്ചു.

അമേരിക്കയിലെ മിക്കവാറും എല്ലാ വാസസ്ഥലങ്ങളിലേയും ബാത്ത്റൂമിനകത്ത് കിടന്നു കൊണ്ട് കുളിക്കാനും, അതല്ല ചിലർക്കു ഇളം ചൂടുവെള്ളം നിറച്ച് ഏറെ നേരം കിടക്കാനും, അങ്ങിനെ കിടന്ന് വിശ്രമിക്കാനും മറ്റുമായി ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ചിലർ, അവരുടെ ഇണയുമായി, അതിൽ വെള്ളം നിറച്ച് കിടന്ന് രതി ക്രീഡകൾ ചെയ്യാറുണ്ട്. അമേരിക്കയിൽ വൺ ബാത്തുറൂം എന്നു പറഞ്ഞാൽ, അവിടെ മലമൂത്ര വിസർജ്ജനത്തിനും കുളിക്കുന്നതിനും സൗകര്യമുണ്ട്. സാധാരണ അമേരിക്കയിൽ ഉള്ളവർ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് അവിടെയുള്ള, പ്രത്യേകതരം കടലാസുകൊണ്ട് അവിടമെല്ലാം വൃത്തിയാക്കിയശേഷം വന്ന് കുളിയും കഴിഞ്ഞായിരിക്കും ഇറങ്ങി വരിക. മലമൂത്ര വിസർജ്ജനം മാത്രം ഉള്ളിടത്തു പറയുന്നത്: ഹാഫ് ബാത്തുറൂം എന്നാണ്. അമേരിക്കക്കാരു മാത്രം താമസിക്കുന്നിടത്ത് മലമൂത്ര വിസർജ്ജനം കഴിഞ്ഞാൽ, കഴുകി വൃത്തിയാക്കാനുള്ള സൗകര്യങ്ങൾ ഇല്ല. മലയാളികളോ, ഇന്ത്യാക്കാരോ താമസിക്കുന്നിടത്തു മാത്രമേ അതിനു വേണ്ടി പ്രത്യേകം പാത്രങ്ങൾ കാണുകയുള്ളു. അതുപോലെ മലയാളികൾ കുളിക്കുക എന്നു പറയുന്നതുപോലെ അമേരിക്കക്കാർ പറയുകയില്ല; ഷൗവർ എടുത്തു എന്നാണ് അവർ സാധാരണ പറയാറുള്ളത്.